to the scene as the workers were in the right." ഇതനുസരിച്ചു ഗവണ്മെന്റ് നടപടി എടുക്കുമോ ?

ശ്രീ. എ. ജെ ജോൺ : കേസിന്റെ സ്വഭാവം അനുസരിച്ചായിരിക്കും എന്നു ഞാൻ പറഞ്ഞു കഴിഞ്ഞു.

ജലൈദ്യുത പദ്ധതികൾ.

* 21. [23] ശ്രീ. പി. ടി. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) അടുത്ത പഞ്ചവത്സരപദ്ധതിയിൽ സംസ്ഥാനത്തു് എത്ര പുതിയ വൈദ്യുതപദ്ധതികൾ പുതുതായി ആരംഭിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട് ;

(ബി) ഏതെല്ലാം ;

(സി) അതിലേയ്ക്ക് എന്തു തുക ചെലവു വരുമെന്നു കണക്കാക്കിട്ടുണ്ടു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ): (എ. ബി. സി.) താഴെ പറയുന്ന ജലൈദ്യുതപദ്ധതികൾ അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

1. പെരിങ്ങൽകുത്തു ലഫ്റ്റ് ബാങ്ക് സ്റ്റേഷനിൽ പുതുതായി ഒരു ജനറേറ്റിംഗ് സെറ്റ് സ്ഥാപിക്കുക.
2. നേര്യമംഗലം വൈദ്യുതപദ്ധതി.
3. പന്നിയാർ പദ്ധതി.
4. ഷോളയാർ പദ്ധതി.
5. പെരിങ്ങൽകുത്തു റൈറ്റ്ബാങ്ക് പദ്ധതി.
6. ലക്ഷ്മി പദ്ധതി.
7. പമ്പാ ജലവൈദ്യുതപദ്ധതി ഒന്നും, രണ്ടും സ്റ്റേജുകൾ.

ഈ പദ്ധതികൾക്ക് ആകെ ഏസ്റ്റിമേറ്റ് അൻപതുകോടി അറുപതു ലക്ഷം രൂപയെന്നു കണക്കാക്കിയിരിക്കുന്നു. ഇതിൽ എത്രയും മാത്രം രണ്ടാംപഞ്ചവത്സരപദ്ധതിയിൽ കൊള്ളിക്കണമെന്നാണുദ്ദേശിക്കുന്നതു്.

ശ്രീ. പി. എം. മത്തായി : പമ്പാ റിവർപദ്ധതി രണ്ടാംപഞ്ചവത്സരപദ്ധതിയുടെ കാലപരിധിയിൽ പൂർത്തിയാകുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : രണ്ടാംപഞ്ചവത്സരപദ്ധതിയിൽ അതിന്റെ പണിയാരംഭിക്കുമെന്നാണുദ്ദേശിക്കുന്നതു്.

ശ്രീ. എം. എം. മത്തായി : ഇടുക്കി പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നില്ലേ ?

ശ്രീ. കെ. ഐ. വേലായുധൻ : ഒരു പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജാർജ്ജ് : അതിന്റെ പണി പൂർത്തിയാക്കാൻ എത്രകാലം വേണ്ടിവരും ?

ശ്രീ. കെ. ഐ. വേലായുധൻ : അത് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജാർജ്ജ് : രണ്ടാംപഞ്ചവത്സരപദ്ധതിയുടെ കാലം അവസാനിക്കുന്നതിനു മുൻപ് ഇതിന്റെ പണി ആരംഭിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജാർജ്ജ് : ഇടുക്കിപദ്ധതിക്ക് 36 കോടി രൂപ വേണ്ടിവരുമെന്നു ഇതിനുമുൻപ് മന്ത്രി പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു റഫായിട്ട ഒരു ഇൻവെസ്റ്റിഗേഷൻ നടത്തിയതിൽനിന്നും പറഞ്ഞതായിരിക്കും.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഷോലാർ പദ്ധതിയും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പൂർത്തിയാക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : പൂർത്തിയാക്കുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പമ്പാ റിവർപദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ഏതു സ്റ്റേജിലാണുള്ളത് ?

ശ്രീ. കെ. ഐ. വേലായുധൻ : അതു നടന്നുകൊണ്ടിരിക്കുകയാണ്.

സെൻട്രൽ വർക്ക്സ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ള പണികൾ.

* 22. [24] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ വർക്ക്സ് കമ്മിറ്റി ഇക്കൊല്ലം അംഗീകരിച്ചിട്ടുള്ള പണികളുടെ എണ്ണമെത്ര ;

(ബി) അതിൽ എത്രയെണ്ണം പണി ആരംഭിച്ചു ;

(സി) എത്ര പണികൾക്കു എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ട് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 250.

(ബി) 47.

(സി) 220.

ശ്രീ. കെ. ടി. തോമസ് : എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുള്ള പണികൾ ഏതൊക്കെല്ലാം ആരംഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ആരംഭിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. ടി. തോമസ് : പണികൾ ആരംഭിക്കുവാൻ ഇത്ര കാലതാമസം എന്തുകൊണ്ടാണെന്നു പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly